LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണ കമ്മീഷനുകളുടെ കാലാവധിയും ചെലവുകളും

74 [1650] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമിക്കപ്പെട്ട ഓരോ അന്വേഷണ കമ്മീഷനും എന്നാണ് നിയമിക്കപ്പെട്ടതെന്നും അതിൽ കമ്മീഷൻ ചെയർമാൻ ആരായിരുന്നുവെന്നും അവരുടെ ആദ്യത്തെ കാലാവധിക്കുശേഷം ഓരോ കമ്മീഷനും എത്ര പ്രാവശ്യം നീട്ടികൊടുക്കുകയുണ്ടായെന്നും അറിയിക്കാമോ;

(ബി) ഗവർണ്ണറുടെ മരണം, വിദ്യാഭ്യാസം, ആരോഗ്യം, വനം, എക്സൈസ്, പോലീസ് അതിക്രമം, ആദിവാസിക്കാര്യം, വർഗ്ഗീയ ലഹള, മദ്യ ദുരന്തം, പട്ടികജാതി പീഡനം, സ്ത്രീപീഡനം, പരിസ്ഥിതി എന്നീ മേഖലകളിൽ നിയമിച്ച കമ്മീഷനുകൾ ഏതെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷനുകളിൽ എത്ര കമ്മീഷനുകളുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും എത്ര കമ്മീഷനുകളുടെ ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടുകളിൽ ഓരോന്നിലും എന്തു നടപടി സ്വീകരിച്ചുവെന്നും സംക്ഷിപ്തമായി അറിയിക്കാമോ;

(ഡി) ഓരോ കമ്മീഷനും വേണ്ടി എത്ര തുക വീതം 2004 മാർച്ച് 31 വരെ ചെലവഴിച്ചിട്ടുണ്ടന്ന് വെളിപ്പെടുത്തുമോ;

(ഇ) അന്വേഷണ കമ്മീഷനുകൾ പ്രഹസനമാകുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനെ സംബന്ധിച്ച സ്പെഷ്യൽ റൂൾസ് പരിഷ്ക്കരണം

75 [1651] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനെ സംബന്ധിച്ച 1988-ലെ സ്പെഷ്യൽ റൂൾസ് കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് ജീവനക്കാരുടെ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ആവശ്യം പരിശോധിച്ചുവരുന്നു.